ഒരു മാസത്തിനിടെ 1.13 ലക്ഷം പെറ്റി കേസുകൾ; 253 അപകടങ്ങൾ

KAUMUDI ALERT

തൃശൂർ: സ്വകാര്യ ബസുകൾ ഉൾപ്പെടെയുള്ള വാഹനങ്ങളുടെ പരിശോധന കർശനമാക്കി സിറ്റി പൊലീസ്. സെപ്തംബറിൽ മാത്രം 1,13,142 പെറ്റി കേസുകളാണ് രജിസ്റ്റർ ചെയ്തത്. കഴിഞ്ഞമാസം റിപ്പോർട്ട് ചെയ്ത 253 വാഹനാപകടങ്ങളിലായി 16 പേർ മരിച്ചു. 330 പേർക്ക് പരിക്കേറ്റു. ഹെൽമറ്റ് ഇല്ലാതെയുള്ള യാത്രയാണ് ഏറ്റവും കൂടുതൽ കേസുകൾ (51,376) രജിസ്റ്റർ ചെയ്തത്. വരും ദിവസങ്ങളിലും പരിശോധന ശക്തമായി തുടരുമെന്നും സ്വകാര്യ ബസ് ജീവനക്കാരെ ഉൾപ്പെടുത്തി ബോധവത്കരണ ക്ലാസുകൾ സംഘടിപ്പിക്കുമെന്നും സിറ്റി പൊലീസ് കമ്മിഷണർ ആർ. ഇളങ്കോ അറിയിച്ചു.

നിയമലംഘനവും കേസുകളുടെ എണ്ണവും

- ഹെൽമറ്റില്ലാ യാത്ര -51,37
- അനധികൃത പാർക്കിംഗ് -26,167
- അമിതവേഗം -915
- ഇൻഷ്വറൻസ് ഇല്ലാത്തത് -915
- മൊബൈൽ ഫോൺ ഉപയോഗം -761
- ഡ്രൈവിംഗ് ലൈസൻസ് ഇല്ലാത്തത് -317
- സീറ്റ് ബെൽറ്റ് ഇടാത്തത് -182
- ഓവർലോഡിംഗ് -33
- എയർ ഹോൺ ഉപയോഗം -05

ആകെ പെറ്റി കേസുകൾ - 1,13,142

അപകടക്കണക്കുകൾ (സെപ്തംബർ)

അപകടങ്ങൾ:	-253	നിസാര പരിക്കേറ്റത്:	-38
മരണം:	-16	വാഹന കേടുപാടുകൾ മാത്രം:	-10
ഗുരുതര പരിക്കേറ്റത്:	-189		

ആകെ പരിക്കേറ്റവർ: 330



തൃശൂർ നഗരത്തിൽ സിറ്റി പൊലീസ് പരിശോധന നടത്തുന്നു

നാളെ കമ്മിഷണർ ഓഫീസിന് മുന്നിൽ ധർണ

തൃശൂർ: സംസ്ഥാന സ്കൂൾ ഗെയിംസ് നീന്തൽ മത്സരങ്ങൾക്കിടെ പന്തൽ തകർന്ന് കുട്ടികൾക്ക് പരിക്കേറ്റ സംഭവത്തിൽ സമഗ്ര അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കണമെന്ന് ഡി.വൈ.എഫ്.ഐ. ... കേസെടുക്കാൻ പൊലീസ് തയ്യാറാകാത്ത സാഹചര്യത്തിൽ നാളെ സിറ്റി പൊലീസ് കമ്മിഷണർ ഓഫീസിന് മുന്നിൽ ധർണ സംഘടിപ്പിക്കുമെന്ന് ഡി.വൈ.എഫ്.ഐ ജില്ലാ സെക്രട്ടറി കെ.എസ്. റോസൽരാജ് വാർത്താസമ്മേളനത്തിൽ പറഞ്ഞു. ഡി.ഡിയുടെ അലംഭാവവും അന്വേഷണ പരിധിയിൽ വരണം. സംസ്ഥാന കായികമേളയിൽ പങ്കെടുക്കാനെത്തിയ കുട്ടികൾക്ക് അടിസ്ഥാന സൗകര്യമൊരുക്കാൻ പോലും കഴിഞ്ഞില്ല. താമസം, ഭക്ഷണം, കടിവെള്ളം, ശുചിമുറി തുടങ്ങിയവയെല്ലാം താളംതെറ്റിയിരുന്നു. ഇക്കാര്യത്തിൽ ജില്ലക്കാരനായ കായികമന്ത്രി, തൃശൂർ എം.എൽ.എ, കോർപറേഷൻ എന്നിവരുടെ ഭാഗത്തുനിന്ന് ഗുരുതര വീഴ്ചയുണ്ടായി. ഗെയിംസ് മത്സരങ്ങൾ വികേന്ദ്രീകരിച്ച് നടത്താൻ തീരുമാനിച്ചതിന് പിന്നിലെ സാമ്പത്തിക താത്പര്യങ്ങളും അന്വേഷിക്കണമെന്ന് ഡി.വൈ.എഫ്.ഐ ആവശ്യപ്പെട്ടു. ജില്ലാ ട്രഷറർ സുകന്യ ബൈജു, സംസ്ഥാന കമ്മിറ്റിയംഗങ്ങളായ എറിൻ ആന്റണി, ആഷിക് വലിയകത്ത് എന്നിവരും വാർത്താസമ്മേളനത്തിൽ പങ്കെടുത്തു.

■ സെൻട്രൽ കേരള സഹോദയ കലോത്സവം

ബാൻഡിൽ തൊടുപുഴ വിമല പബ്ലിക് സ്കൂളും മൂവാറ്റുപുഴ നിർമല പബ്ലിക് സ്കൂളും ജേതാക്കൾ

തൊടുപുഴ: സെൻട്രൽ കേരള സഹോദയയുടെ ആഭിമുഖ്യത്തിൽ പെരുമ്പിള്ളിച്ചിറ അൽ അസ്ഹർ പബ്ലിക് സ്കൂളിൽ നടക്കുന്ന സർഗധ്വനി 2026 കലോത്സവത്തിന്റെ ഭാഗമായി നടന്ന ബാൻഡ് ഡിസ്പ്ലേ മത്സരത്തിൽ തൊടുപുഴ വിമല പബ്ലിക് സ്കൂളും മൂവാറ്റുപുഴ നിർമല പബ്ലിക് സ്കൂളും സംയുക്ത ജേതാക്കളായി. ഇന്നലെ രാവിലെ 10ന് അൽ അസ്ഹർ പബ്ലിക് സ്കൂളിലാണ് ബാൻഡ് ഡിസ്പ്ലേ മത്സരം നടന്നത്.

8, 9, 10 തീയതികളിലായാണ് കലോത്സവത്തിലെ ആകർഷക ഇനങ്ങളായ നൃത്തയിനങ്ങൾ ഉൾപ്പെടെയുള്ള സ്റ്റേജ് മത്സരങ്ങൾ നടക്കുന്നത്. എട്ടിന് നടക്കുന്ന ഉദ്ഘാടന ചടങ്ങിൽ റിഥമിക് ഫ്യൂഷൻ ഉൾപ്പെടെയുള്ള കലാപരിപാടികൾ അരങ്ങേറും. സെൻട്രൽ കേരള സഹോദയ (സി.കെ.എസ്) പ്രസിഡന്റ് ഫാ. മാത്യു കരീത്തറ സി.എം.ഐ അദ്ധ്യക്ഷനാകും. ഗവ. ചീഫ് വിപ്പ് ... ഉദ്ഘാടനം നിർവഹിക്കും. സെൻട്രൽ കേരള സഹോദയ ജനറൽ കൺവീനറും അൽ അസ്ഹർ പബ്ലിക് സ്കൂൾ പ്രിൻസിപ്പലുമായ നൗഷാദ് കാസിം സ്വാഗതം ആശംസിക്കും. സമാപന സമ്മേളനം 10ന് നടക്കും. ചലച്ചിത്ര താരം ... സമാപന സമ്മേളനം ഉദ്ഘാടനം ചെയ്യും. ... എം. മിജാസ് മുഖ്യപ്രഭാഷണം നടത്തും.

തലയിൽ ടിൻ കുടുങ്ങിയ പെൺപട്ടിക്ക് യുവാക്കൾ രക്ഷകരായി

കയ്പമംഗലം: ആറ് ദിവസമായി തലയിൽ ടിൻ കുടുങ്ങി ദുരിതമനുഭവിച്ചിരുന്ന പെൺപട്ടിയെ രക്ഷപ്പെടുത്തി. എടത്തിരുത്തി പൈനൂർ പള്ളിയിലാണ് രക്ഷാപ്രവർത്തനം നടന്നത്. ഏറെ നാളുകളായി ... പട്ടിയുടെ തലയിൽ ടിൻ കുടുങ്ങിയതോടെ വെള്ളവും ഭക്ഷണവും കഴിക്കാൻ കഴിയാത്ത അവസ്ഥയിലായിരുന്നു. ദിവസങ്ങളായി ടിൻ തലയിൽ കുടുങ്ങിയ നിലയിൽ അലഞ്ഞുതിരിഞ്ഞിരുന്ന പട്ടി അവശനിലയിലായിരുന്നു. ടിൻ കാഴ്ച്ചയ്ക്ക് വലിയ തടസമാകാതിരുന്നതിനാൽ രക്ഷിക്കാൻ അടുത്തെത്തുന്നവരെക്കണ്ട് പട്ടി ഓടിപ്പോകുകയായിരുന്നു. കഴിഞ്ഞ ദിവസങ്ങളിൽ പലതവണ പിടികൂടാൻ ശ്രമിച്ചെങ്കിലും വിജയിച്ചില്ല. ഇന്നലെ ... ക്ലബ് അംഗങ്ങളായ യുവാക്കളുടെ സംഘം സ്ഥലത്തെത്തി പട്ടിയെ വലയിലാക്കി തലയിൽ കുടുങ്ങിയിരുന്ന ടിൻ സുരക്ഷിതമായി ഊരിമാറ്റി. സുരേഷ് പച്ചാമ്പുള്ളി, ഷെമീർ എളേടത്ത്, ഉമർ കടവിൽ, പി.എം. സത്താർ, സി.ബി. ജലീൽ, കെ.എസ്. ആസിഫ്, പി.ഡി. രാജു തുടങ്ങിയവരുടെ നേതൃത്വത്തിലാണ് രക്ഷാപ്രവർത്തനം നടത്തിയത്.



തലയിൽ ടിൻ കുടുങ്ങിയ നിലയിൽ ദുരിതമനുഭവിച്ചിരുന്ന പെൺപട്ടിയെ രക്ഷപ്പെടുത്തുന്നു

ബൈക്കുകൾ കൂട്ടിയിടിച്ച് ഒരാൾക്ക് പരിക്ക്

കൊടുങ്ങല്ലൂർ: പുല്ലൂറ്റ് ബൈക്കുകൾ കൂട്ടിയിടിച്ച് ഒരാൾക്ക് പരിക്കേറ്റു. പുല്ലൂറ്റ് കെ.കെ.ടി.എം ഗവ. കോളേജിനടുത്ത് താമസിക്കുന്ന വള്ളോംപറമ്പത്ത് പണിക്കശ്ശേരി ജോഷിക്കാണ് (64) പരിക്കേറ്റത്. ഇന്നലെ വൈകിട്ട് മൂന്നിന് കോളേജ് ജംഗ്ഷനിലായിരുന്നു സംഭവം. ജോഷിയുടെ ബൈക്കിൽ എതിരെ വന്ന ബൈക്ക് ഇടിക്കുകയായിരുന്നു. വലതുകാലിന് ഗുരുതരമായി പരിക്കേറ്റ ജോഷിയെ കൊടുങ്ങല്ലൂരിലെ ആംബുലൻസ് പ്രവർത്തകർ കൊടുങ്ങല്ലൂർ താലൂക്കാശുപത്രിയിലും തുടർന്ന് കൊടുങ്ങല്ലൂർ മോഡേൺ ആശുപത്രിയിലും പ്രവേശിപ്പിച്ച.

ബഹു. ഇരിങ്ങാലക്കുട മുൻസിഫ് കോടതി മുമ്പാകെ

OS 296/2026

നഷ്ടപ്പെട്ടു

ശ്രീ എളവള്ളി-കടവല്ലൂർ ശ്രീരാമസ്വാമി ക്ഷേത്രം

നിയമന പരസ്യം

അപേക്ഷ അയക്കേണ്ട അവസാന തീയതി: 17-10-2026

വിവരങ്ങൾക്ക്: 9447276070

ബഹു. ഇരിങ്ങാലക്കുട അഡിഷണൽ മുൻസിഫ് കോടതി മുമ്പാകെ

O.S.1554/1999
E.P.228/2001
E.P.1334/2007
E.A.815/2025

നഷ്ടപ്പെട്ടു

ബഹു. ഇരിങ്ങാലക്കുട കൊമേഴ്സ്യൽ കോർട്ട് മുമ്പാകെ

C.S.No.168 OF 2023

നഷ്ടപ്പെട്ടു

KUNJAYISU
RAYAMARAKKAR VEETTIL
VELLATHERI HOUSE,
EDAPPULLY, PALAYOOR.

CHANGE OF NAME

I Krishna Sumesh, resident at Kunnappilly House Kundoor P.O, Thrissur District, Pin 680734, holder of Passport number M1618104 do hereby change my name as Krishna Viswan

ശ്രീ ഗോവിന്ദപുരം മഹാവിഷ്ണു ക്ഷേത്രം, ആൽത്തറ

നിയമന പരസ്യം

അപേക്ഷ അയക്കേണ്ട അവസാന തീയതി: 17/10/2026

വിവരങ്ങൾക്ക്: 9447276070

റീജിയണൽ ഓഫീസ് : ഇരിങ്ങാലക്കുട

AKP സെന്റർ, ഡോർ നം. VIII50-B, വാർഡ് നം. 23, ക്രൈസ്റ്റ് നഗർ, ക്രൈസ്റ്റ് കോളേജ് റോഡ്, ഇരിങ്ങാലക്കുട, തൃശൂർ, കേരളം-680125, Ph: 0480-2828236, E-mail: ro1017@sib.co.in, CIN: L65191KL1929PLC001017, www.southindianbank.com

SOUTH INDIAN Bank

കൈവശപ്പെടുത്തൽ നോട്ടീസ്

[See rule 8(1)] (For Immovable Property)

ലോക്കർ തുറക്കുന്നതിനുള്ള നോട്ടീസ്

പഞ്ചാബ് നാഷണൽ ബാങ്ക് | pnb | punjab national bank ...the name you can BANK upon!

BO: ARMB, പി.എൻ.ബി. ഹൗസ്, മാർക്കറ്റ് റോഡ്, എറണാകുളം - 682 011, Ph: 0484-2350477, Email: cs4459@pnb.bank.in

സ്ഥാവരവസ്തുക്കളുടെ വിൽപന നോട്ടീസ്

ലേല തീയതിയും സമയവും 27.10.2026 ഉച്ചക്ക് 12.00 മണി മുതൽ 2.00 മണി വരെ

1 PNB- ARMB എറണാകുളം
2 PNB- ARMB എറണാകുളം
3 PNB- ARMB എറണാകുളം
4 PNB- ARMB എറണാകുളം

റീജിയണൽ ഓഫീസ് : ഇരിങ്ങാലക്കുട

AKP സെന്റർ, ഡോർ നം. VIII50-B, വാർഡ് നം. 23, ക്രൈസ്റ്റ് നഗർ, ക്രൈസ്റ്റ് കോളേജ് റോഡ്, ഇരിങ്ങാലക്കുട, തൃശൂർ, കേരളം-680125, Ph: 0480-2828236, E-mail: ro1017@sib.co.in, CIN: L65191KL1929PLC001017, www.southindianbank.com

സ്ഥാവര വസ്തുക്കളുടെ ഇ-ലേല വിൽപ്പന പരസ്യം

ഇ-ലേല തീയതി & സമയം: 26.10.2026 - 10.00 AM to 10.30 AM

EMD സമർപ്പിക്കുന്നതിനുള്ള അവസാന തീയതി & സമയം: 23.10.2026 വൈകുന്നേരം 05.00 മണി വരെ

www.southindianbank.com & https://bankauctions.in

തീയതി: 05.10.2026

റീജിയണൽ ഓഫീസ് : ഇരിങ്ങാലക്കുട

സ്ഥാവര വസ്തുക്കളുടെ ഇ-ലേല വിൽപ്പന പരസ്യം

ഇ-ലേല തീയതി & സമയം: 26.10.2026 - 10.30 AM to 11.00 AM

EMD സമർപ്പിക്കുന്നതിനുള്ള അവസാന തീയതി & സമയം: 23.10.2026 വൈകുന്നേരം 05.00 മണി വരെ

തീയതി: 05.10.2026

